# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6400** **11/07/2012 ൽ മറുപടിയ്ക്ക്**

### നികുതി പിരിവിലെ പരിഷ്കാരങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.** ബെന്നി ബെഹനാൻ: | **ശ്രീ. കെ. എം. മാണി** |
| " ഷാഫി പറമ്പിൽ: | (ധനകാര്യവും നിയമവും ഭവന |
| " പി.സി.വിഷ്ണുനാഥ് | നിർമ്മാണവും വകുപ്പ് മന്ത്രി) |
| " അൻവർ സാദത്ത് | |

| | | | |
|---|---|---|---|
| എ) | നികുതി വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നികുതി ഘടനയിൽ വരുത്താനുദ്ദേശിക്കുന്നത്: വിശദമാക്കുമോ; | എ) | 2012-13-ലെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ 4, 12.5 എന്നീ നിരക്കുകൾ യഥാക്രമം 5 ശതമാനമായും 13.5 ശതമാനമായും ഉയർത്തിയിട്ടുണ്ട്. വിദേശ മദ്യത്തിന്റെ നികുതിയിന്മേലുള്ള സാമൂഹ്യ സുരക്ഷസെസ്സ് 6 ശതമാനത്തിൽ നിന്ന് 10 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. സിഗരറ്റിന്റെയും മറ്റു പുകയില ഉല്പന്നങ്ങളുടേയും നികുതി നിരക്ക് യഥാക്രമം 12.5%, 20% എന്നിവയിൽ നിന്നും 15%, 22.5% എന്നിങ്ങനെ ഉയർത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നികുതി 20% ആയി ഉയർത്തിയിട്ടുണ്ട്. കൂടാതെ അബ്കാരി നിയമത്തിലും വിദേശ മദ്യ ചട്ടങ്ങളിലും നിഷ്ക്കർഷി |

ച്ചിട്ടുള്ള ഫൈൻ, ഫീസ് എന്നിവ വർദ്ധിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. 2012-ലെ കേരള ഫിനാൻസ് ബിൽ പ്രകാരം ആഡംബര വാഹനങ്ങളുടെ നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. നികുതി ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്ന താഴെപ്പറയുന്ന ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

1. ദാനം, ധന നിശ്ചയം എന്നീ ആധാരങ്ങളിൽ ഈടാക്കേണ്ട മുദ്രവില നിരക്ക് പുനർനിശ്ചയിക്കുന്നത് സംബന്ധിച്ച്.

2. ഏറെക്കാലമായി വ്യത്യാസം വരുത്തിയിട്ടില്ലാത്ത വിവിധയിനം മുദ്രവില നിരക്കുകളുടെ പുനർനിർണ്ണയം.

3. സ്പെഷ്യൽ/ടെമ്പററി പെർമിറ്റ് എടുക്കുന്ന സ്റ്റേജ് ക്യാരേജുകൾ, മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ പെർമിറ്റ് എടുത്ത് സംസ്ഥാനത്തേക്ക് കടക്കുന്ന കോൺട്രാക്ട് ക്യാരേജുകൾ എന്നിവയുടെ നികുതി വർദ്ധിപ്പിക്കുന്നതിനും ആഡംബര കാറുകൾ ടാക്സിയായി ഉപയോഗിക്കുമ്പോൾ കൂടിയ നിരക്കിൽ നികുതി ഈടാക്കുന്നതിനായും വാഹനങ്ങളുടെ ഫ്ലോർ ഏരിയയ്ക്ക് അനുസൃതമായി നികുതി ഈടാക്കുന്നതിനും സംബന്ധിച്ച ശുപാർശകൾ.

| | | | |
|---|---|---|---|
| ബി) | ഇതിനായി മറ്റു സംസ്ഥാനങ്ങളിലെ നികുതി ഘടനയെ കുറിച്ച് പഠിക്കുവാൻ തയ്യാറാകുമോ; | ബി) | അയൽ സംസ്ഥാനങ്ങളിലെ നികുതി നിരക്കുകൾ താരതമ്യം ചെയ്താണ് നികുതി പരിഷ്കരിക്കുന്നത്. |
| സി) | ഇതിനെക്കുറിച്ച് പഠിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | സി) | ഇല്ല. |

സെക്ഷൻ ഓഫീസർ.